# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 2367

11/10/2011 ൽ
മറുപടിക്ക്

## അദ്ധ്യാപക ബാങ്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി.വി.രാജേഷ് | | ശ്രീ. പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| (എ) | റിട്ടയർമെന്റ്, പ്രൊമോഷൻ, ബി.ആർ.സി. ട്രെയിനർ തുടങ്ങിയ ഒഴിവുകൾ റിപ്പോർട്ട് ചെയ്യേണ്ടെന്നും അത്തരം ഒഴിവുകൾ അദ്ധ്യാപക ബാങ്കിൽ നിന്നും നികത്തിയാൽ മതിയെന്നുമുള്ള നിർദ്ദേശം വിദ്യാഭ്യാസ മേഖലയിൽ നിയമന നിരോധനത്തിന് ഇടയാക്കുന്നതല്ലേ; | (എ) | ഇല്ല. യഥാർത്ഥത്തിൽ എയ്ഡഡ് സ്കൂൾ മേഖലയിലെ അധ്യാപക നിയമനത്തിന് സർക്കാർ പ്രഖ്യാപിച്ച പാക്കേജിലൂടെ കൂടുതൽ സുതാര്യത ഉണ്ടായിട്ടുണ്ട്. ഇപ്പോൾ സർക്കാർ സ്കൂളിൽ വിന്യസിച്ചിരിക്കുന്ന മുഴുവൻ പ്രൊട്ടക്ടഡ് അദ്ധ്യാപകരേയും എയ്ഡഡ് സ്കൂളുകളിലേയ്ക്ക് മടക്കിഅയക്കുന്നതിലൂടെ സർക്കാർ സ്കൂളുകളിൽ അധിക നിയമനം നടക്കുന്നതാണ്. |
| (ബി) | അധ്യാപക നിയമനത്തിന് യോഗ്യത നേടിയവരും റാങ്ക് ലിസ്റ്റിൽ നിയമനം കാത്ത് കിടക്കുകയും ചെയ്യുന്ന ആയിരക്കണക്കിന് ഉദ്യോഗാർത്ഥികളുടെ അവസരങ്ങൾ ഇല്ലാതാക്കുന്ന അധ്യാപക ബാങ്ക് എന്ന നിർദ്ദേശം തള്ളിക്കളയാൻ സർക്കാർ തയ്യാറാകുമോ; | (ബി) | പുതിയ വിദ്യാഭ്യാസ പാക്കേജ് മൂലം നിയമന നിരോധനം ഉണ്ടാകുന്നതല്ല നിലവിലുള്ള തൊഴിൽ സംരക്ഷിക്കുന്നതിനും കൂടുതൽ തൊഴിൽ സാധ്യത ഉണ്ടാക്കുന്നതിനും അദ്ധ്യാപക ബാങ്ക് ഉതകുന്നതാണ് |
| (സി) | അധ്യാപകരുടെ ജോലി നഷ്ടപ്പെടാതിരിക്കാനും പുതിയ നിയമനങ്ങൾ തടസ്സപ്പെടാതിരിക്കാനും ഉതകുംവിധം അധ്യാപക-വിദ്യാർത്ഥി അനുപാതം പുനഃ ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | 1/10/2011-ലെ സ.ഉ. (പി) 199/2011/പൊ.വി. നമ്പർ ഉത്തരവു പ്രകാരം നിലവിൽ വന്ന വിദ്യാഭ്യാസ പാക്കേജ് അദ്ധ്യാപക വിദ്യാർത്ഥി അനുപാതം എൽ.പിയിൽ 1:30 ഉം യു.പി/എച്ച്.എസിൽ 1:35 ആയും ക്രമീകരിക്കപ്പെട്ടുകൊണ്ടുള്ള ഉത്തരവാണ്. |

സെക്ഷൻ ഓഫീസർ